# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 929 06.06.2018-ന് മറുപടിയ്ക്ക്

## എന്റെ വീട് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എ. പി. അനിൽകുമാർ :** | **ശ്രീ. എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഭവന രഹിതർക്കായി പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ 'എന്റെ വീട്' പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ; | (എ) ഉണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ശതമാനം പലിശയ്ക്കാണ് തുക അനുവദിക്കുന്നത് ; | (ബി) 'എന്റെ വീട് ' പദ്ധതി പ്രകാരം 7.50% മുതൽ 8% വരെ പലിശയ്ക്കാണ് തുക അനുവദിക്കുന്നത്. |
| (സി) 'ലൈഫ് ' പദ്ധതിയുടെ ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ പദ്ധതിയിൽ നിന്നും ധനസഹായം ലഭിക്കുമോ എന്ന് അറിയിക്കുമോ ? | (സി) ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട സ്വന്തമായി ഭൂമിയുള്ളവരും പുതുതായി വീട് നിർമ്മിക്കുന്നവരുമായ ഗുണഭോക്താക്കൾക്ക് പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച / ലഭ്യമാകുന്ന തുക കൂടി കണക്കിലെടുത്ത് ഭവന നിർമ്മാണത്തിനാവശ്യമായ ബാക്കി തുക ഈ പദ്ധതി പ്രകാരം ലഭിക്കും. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന 'എന്റെ വീട് ' പദ്ധതി പ്രകാരം കേരളത്തിലെ മറ്റ് പിന്നോക്ക വിഭാഗത്തിൽ (ഒ.ബി.സി) ഉൾപ്പെട്ട 3 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള ഭവന രഹിതർക്ക് വായ്പ ലഭ്യമാകും. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2 വിഭാഗമായി തിരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

| കുടുംബ വാർഷിക വരുമാനം | പരമാവധി വായ്പാ തുക | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി | പ്രായപരിധി |
|---|---|---|---|---|
| 1,20,000/- രൂപ വരെ | 5 ലക്ഷം | 7.50% | 15 വർഷം വരെ | 18-55 |
| 1,20,000/- രൂപയ്ക്ക് മുകളിൽ 3,00,000/- രൂപ വരെ | 10 ലക്ഷം | 8.00% | 15 വർഷം വരെ | 18-55 |

### പൊതു വ്യവസ്ഥകൾ

1). അപേക്ഷകന്റെ പേരിലോ, കുടുംബങ്ങളുടെ പേരിലോ വാസയോഗ്യമായ ഭവനം ഉണ്ടായിരിക്കരുത്.

2). പുതുതായി ഭവനം നിർമ്മിക്കുന്നതിനുവേണ്ടി മാത്രമാണ് വായ്പ അനുവദിക്കുന്നത്. നിലവിലുള്ള ഭവനത്തിന്റെ പുനരുദ്ധാരണത്തിനോ, വീടുൾപ്പെടുന്ന വസ്തുവാങ്ങുന്നതിനോ വായ്പ അനുവദിക്കുന്നതല്ല.

3). അപേക്ഷകനുപുറമേ കുടുംബാംഗങ്ങളിൽ ഒരാൾ സഹ അപേക്ഷകനായിരിക്കേണ്ടതാണ്. അപേക്ഷകൻ / സഹ അപേക്ഷകൻ എന്നിവയിൽ ഒരാൾ വസ്തുവിന്റെ ഉടമസ്ഥാവകാശം ഉള്ള വ്യക്തിയായിരിക്കണം.

4). പരമാവധി വായ്പാ പരിധിക്ക് വിധേയമായി അംഗീകൃത എസ്റ്റിമേറ്റിന്റെ 90% തുക വരെ വായ്പയായി അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തേണ്ടതാണ്.

5). അപേക്ഷകനോ കുടുംബാംഗങ്ങളോ സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പക്ഷം, പദ്ധതി പ്രകാരം ലഭിച്ച / ലഭ്യമാകാവുന്ന തുക കൂടി കണക്കിലെടുത്തായിരിക്കും വായ്പ അനുവദിക്കുന്നത്.

6). ഭവന നിർമ്മാണം നടത്തുന്ന വസ്തുവിന്റെ മതിപ്പുവിലയും അപേക്ഷകന്റെ / കുടുംബത്തിന്റെ വരുമാനവും ഹാജരാക്കപ്പെടുന്ന ജാമ്യരേഖകളും കണക്കിലെടുത്ത് വായ്പാ തുക നിജപ്പെടുത്തുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

7). വായ്പാ തുക 3 ഗഡുക്കളായി അനുവദിക്കും.

- ബേസ്മെന്റ് പണി പൂർത്തികരിച്ച ശേഷം ഒന്നാം ഗഡു വിതരണം ചെയ്യും (വായ്പാ തുകയുടെ 30%).
- ഒറ്റ നില വീടാണെങ്കിൽ ലിന്റിൽ വരെ പണി പൂർത്തീകരിച്ച ശേഷവും ഒന്നിലധികം നിലകളുള്ള വീടാണെങ്കിൽ ഒന്നാം നിലയുടെ മേൽക്കൂര പൂർത്തീകരിച്ച ശേഷവും രണ്ടാം ഗഡു വിതരണം ചെയ്യും (വായ്പാ തുകയുടെ 40%).

(.....2)

- അംഗീകൃത പ്ലാൻ പ്രകാരമുള്ള എല്ലാ നിലകളുടേയും മേൽക്കൂര പൂർത്തീകരിച്ച് പുറം വാതിലുകൾ സ്ഥാപിച്ച ശേഷം ഫിനിഷിംഗ് പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് വേണ്ടി അവസാന ഗഡു (വായ്പാ തുകയുടെ 30%) വിതരണം ചെയ്യും.

8). വായ്പയുടെ തുടർ ഗഡു ലഭിക്കുന്നതിന് അപേക്ഷയിൽ നിശ്ചിത മാതൃകയിലുള്ള സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

9). വായ്പയുടെ ഒന്നാം ഗഡു ലഭിച്ച് ഒരു വർഷത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. നിർമ്മാണ പ്രവൃത്തികൾ പൂർത്തികരിച്ച് വായ്പയുടെ തുടർ ഗഡു കൈപ്പറ്റുന്നതിന് 6 മാസത്തിലധികം സാവകാശം അനുവദിക്കുന്നതല്ല. ഇത്തരം സാഹചര്യങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ വിലയിരുത്തി തുടർ വായ്പാ അനുവദിക്കുന്നത് സംബന്ധിച്ച് കോർപ്പറേഷൻ യുക്തമായ തീരുമാനം കൈകൊള്ളുന്നതും അപേക്ഷകന് തീരുമാനം ബാധകമായിരിക്കുന്നതുമാണ്.

10). വായ്പയുടെ അവസാന ഗഡു ലഭിച്ച ശേഷം 4 -ാം മാസം മുതൽ തിരിച്ചടവ് ആരംഭിക്കേണ്ടതാണ്. ഒന്നാം ഗഡു ലഭിച്ച തീയതി മുതൽ തിരിച്ചടവ് ആരംഭിക്കുന്ന തീയതി വരെയുള്ള പലിശ പ്രതിമാസ തിരിച്ചടവ് ആരംഭിക്കുന്നതിന് മുമ്പ് ഒടുക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ